LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയാൻ നടപടി

6 [T 5149] ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനങ്ങൾ ഔദ്യോഗികാവശ്യങ്ങൾക്കല്ലാതെ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ അടിയന്തിര നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ;

(സി) ഈ വിഷയം സംബന്ധിച്ച് ധനകാര്യ വകുപ്പിൽനിന്നും 24-2-2003-ൽ ജി. ഒ. (എം എസ്.) 113/03/ധനം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചതിനുമുമ്പും അതിനുശേഷവും ഇന്ധനച്ചെലവിലുണ്ടായ വ്യത്യാസം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ ഉടനടി അന്വേഷണം നടത്തുകയും, അന്വേഷണത്തിൽ വാഹനം ദുരുപയോഗം ചെയ്തതായി തെളിഞ്ഞാൽ അടിയന്തിര നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

(സി) ലഭ്യമായിട്ടില്ല.

കൊക്കക്കോള ഫാക്ടറിക്കെതിരെ സമരം

7 [T 5150] ശ്രീ. കെ. എ. ചന്ദ്രൻ:
„ എൻ. ഡി. അപ്പച്ചൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
„ സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമടയിലെ കൊക്കക്കോള ഫാക്ടറിക്കെതിരെ ഡി. വൈ. എഫ്. ഐ.-ക്കാർ നടത്തിയിരുന്ന സമരം അവസാനിച്ചുവോ;

(ബി) എങ്കിൽ എപ്രകാരം;

(സി) കഞ്ചിക്കോട് പെപ്സി കോള ഫാക്ടറി പ്രവർത്തിക്കുന്നുണ്ടോ;

(ഡി) ഈ ഫാക്ടറിക്ക് അനുമതി നൽകിയ ഗ്രാമപഞ്ചായത്ത് ഭരിക്കുന്നത് ഏതു രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവരാണ്;

(ഇ) പെപ്സി കോളയ്ക്കെതിരെ ഡി. വൈ. എഫ്. ഐ. സമരം സംഘടിപ്പിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) സമരം അവസാനിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) കഞ്ചിക്കോട്ടെ പെപ്സി ഫാക്ടറിക്ക് അനുമതി നൽകിയ പുതുശ്ശേരി ഗ്രാമപഞ്ചായത്ത് ഭരിക്കുന്നത് എൽ. ഡി. എഫ്. (സി. പി. എം.) ആണ്.

(ഇ) സമരം സംഘടിപ്പിച്ചിരുന്നു.

ഏഴിമല നാവിക അക്കാഡമിയുടെ നിർമ്മാണം

8 [5151] ശ്രീ. വർക്കല കഹാർ:
,, ടി. വി. ചന്ദ്രമോഹൻ:
,, കെ. മുഹമ്മദാലി:
,, പ്രയാർ ഗോപാലകൃഷ്ണൻ:
ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴിമല നാവിക അക്കാഡമിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചുവോ;

(ബി) എങ്കിൽ അതിന്റെ എത്ര ശതമാനം പൂർത്തിയാക്കിയെന്നും, ഇതിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും പറയാമോ?

ഉത്തരം

(എ) ആരംഭിച്ചു.

(ബി) ഏഴിമല നാവിക അക്കാഡമിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 10 ടെണ്ടറുകൾ വിളിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതിൽ, 4 ടെണ്ടറുകൾ വിളിക്കുകയും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ താഴെ പറയുന്ന വിധത്തിൽ പുരോഗമിച്ചു വരികയുമാണ്:

(1) കേഡറ്റ് മെസ്സ് ആന്റ് കേഡറ്റ് അക്കോമഡേഷൻ—55% പൂർത്തിയായി

LIBRARY ARCHIVES Kerala Legislative Assembly